©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 15
Vol. XV

തിരുവനന്തപുരം,
ചൊവ്വ
Thiruvananthapuram,
Tuesday

2026 മാർച്ച് 31
31st March 2026
1201 മീനം 17
17th Meenam 1201
1948 ചൈത്രം 10
10th Chaithra 1948

നമ്പർ
No.
1381

കേരള സർക്കാർ

ആഭ്യന്തര (ബി) വകുപ്പ്

വിജ്ഞാപനം

സ.ഉ.(അച്ചടി) നമ്പർ.43/2026/ആഭ്യന്തരം *തിരുവനന്തപുരം, 2026 മാർച്ച് 28*
1201 മീനം 14
1948 ചൈത്രം 7.

എസ്. ആർ. ഒ. നമ്പർ 469/2026

2010 ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗീകരണ സേവനങ്ങളും (നിർവ്വഹണം) ആക്ടിന്റെ (2010 ലെ 9-ാം ആക്ട്) 99-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ച്, കേരള സർക്കാർ, 2014 മേയ്, 6-ാം തീയതിയിലെ സ.ഉ.(പി)നമ്പർ 89/2014/ആഭ്യന്തരം പ്രകാരം പുറപ്പെടുവിച്ചതും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

2014 മേയ്, 23-ാം തീയതിയിലെ 1316-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 310/2014 ആയി പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമായ 2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗീകരണ സേവനങ്ങളും (നിർവ്വഹണം)ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിന് താഴെപ്പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു. അതായത് : -

ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.-(1) ഈ ചട്ടങ്ങൾക്ക് 2026 -ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗീകരണ സേവനങ്ങളും (നിർവ്വഹണം) (ഭേദഗതി) ചട്ടങ്ങൾ എന്ന് പേര് പറയാം;

(2) ഇവ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ചട്ടങ്ങളുടെ ഭേദഗതി. 2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ, 1) ചട്ടം 467 ന് ചുവടെയായി താഴെപ്പറയുന്ന വ്യവസ്ഥകൾ ചേർക്കേണ്ടതാണ്, അതായത് :-

" 467 A. അകാലവിടുതൽ നിരസിക്കൽ ഉത്തരവ്.- (i) സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് അകാല വിടുതൽ അനുവദിക്കുകയോ നിരസിക്കുകയോ ചെയ്ത് പുറപ്പെടുവിക്കുന്ന സർക്കാർ ഉത്തരവിൽ, ഈ തീരുമാനത്തിൽ എത്തിച്ചേർന്നതിനുള്ള കാരണം ചുരുക്കത്തിൽ പരാമർശിക്കേണ്ടതാണ്. ഉത്തരവിന്റെ പകർപ്പ് അതത് ജയിൽ സൂപ്രണ്ട് മുഖേന ബന്ധപ്പെട്ട അന്തേവാസിക്ക് നൽകേണ്ടതാണ്. ബന്ധപ്പെട്ട ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി സെക്രട്ടറിക്കും ഉത്തരവിന്റെ പകർപ്പ് തുടർനടപടിക്കായി നൽകേണ്ടതാണ്;

(ii) അകാലവിടുതൽ നിരസിച്ചുകൊണ്ടുള്ള ഉത്തരവിനെതിരെ ബഹുമാനപ്പെട്ട

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഹൈക്കോടതിയിലോ ബഹുമാനപ്പെട്ട സുപ്രീം കോടതിയിലോ റിട്ട് ഹർജി സമർപ്പിക്കുവാൻ അന്തേവാസിക്ക് അവകാശമുണ്ടെന്ന വിവരം, അപേക്ഷ നിരസിച്ചുകൊണ്ടുള്ള ഉത്തരവ് കൊടുക്കുന്ന മുറയ്ക്ക് ജയിൽ അധികൃതർ അന്തേവാസിയെ ബോധ്യപ്പെടുത്തേണ്ടതാണ്."

2) ചട്ടം 470 ന് താഴെപ്പറയും പ്രകാരം ഒരു ക്ലിപ്തനിബന്ധന കൂട്ടിച്ചേർക്കേണ്ടതാണ്; അതായത് :-

"എന്നാൽ അനുവദിക്കപ്പെട്ട അകാലവിടുതൽ റദ്ദ് ചെയ്യുന്നതിന് മുൻപായി, ബന്ധപ്പെട്ട അന്തേവാസിക്ക് തന്റെ ഭാഗം വിശദീകരിക്കുന്നതിനായി നേരിൽ കേൾക്കുവാനുള്ള അവസരം നൽകേണ്ടതാണ്. അകാല വിടുതൽ റദ്ദ് ചെയ്തുകൊണ്ടുള്ള ഉത്തരവിൽ അതിലേക്ക് നയിച്ച കാരണങ്ങൾ ചുരുക്കത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്."

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

ബിശ്വനാഥ് സിൻഹ,
ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി.

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് വേണ്ടിയുള്ളതാകുന്നു)

ബഹു. സുപ്രീം കോടതിയുടെ **S.L.P.(Crl.)No.**529/2021, ***Sonadhar v. State of Chattisgarh*** കേസിലെ 18.02.2025, 25.04.2025 എന്നീ തീയതികളിലെ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഉത്തരവുകളിൽ, അകാല വിടുതൽ അനുവദിക്കുകയോ നിരസിക്കുകയോ ചെയ്ത് പുറപ്പെടുവിക്കുന്ന ഉത്തരവിൽ അതിനുള്ള കാരണം വ്യക്തമാക്കണമെന്നും ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട ജയിൽ അധികാരികൾ മുഖേന അന്തേവാസികളെയും അതത് ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി സെക്രട്ടറിയെയും അറിയിക്കണമെന്നും അകാലവിടുതൽ അനുവദിച്ച ഉത്തരവുകൾ കുറ്റവാളികളെ നേരിൽ കേൾക്കാൻ അവസരം നൽകാതെ പിൻവലിക്കാനോ റദ്ദ് ചെയ്യാനോ പാടില്ലായെന്നും നിർദ്ദേശിക്കുകയുണ്ടായി. അതനുസരിച്ച് ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.03.31 07:42:47 +05:30